കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - നെയ്യാറ്റിൻകര നഗരസഭ - ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം - പെരുംപഴുതൂർ വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 415 സെന്റ് സ്ഥലം അടിയന്തിര ഖണ്ഡത്തിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 1982/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ജൂലൈ 15, 2008.

പരാമർശം: 1. നെയ്യാറ്റിൻകര നഗരസഭയുടെ 09-05-2007-ലെ 5 (4)-ാം നമ്പർ, 17-09-2007 -ലെ 5 (5)-ാം നമ്പർ കൗൺസിൽ തീരുമാനങ്ങൾ.

2. നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറിയുടെ 28-07-2007, 15-12-2007, 23-01-2008 03-05-2008 എന്നീ തീയതികളിലെ എച്ച്,1/705/07 നമ്പർ കത്തുകൾ.

ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നഗരസഭ, ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിലേയ്ക്കായി പെരുംപഴുതൂർ വില്ലേജിലെ റീസർവ്വേ ബ്ലോക്ക് 24-ൽ സർവ്വേ നമ്പർ 33/2, 34/3, 34/4, 34/5, 34/22, 34/23 എന്നിവയിൽപ്പെട്ട 415 സെന്റ് സ്ഥലം അടിയന്തിര ഖണ്ഡത്തിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് പരാമർശം 1 പ്രകാരം തീരുമാനിക്കുകയും ആയതിലേയ്ക്ക് അനുമതിയ്ക്കായി പരാമർശം 2 പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു. ഖരമാലിന്യ സംസ്കരണത്തിനായി സ്ഥലമില്ലാത്ത കേരളത്തിലെ രണ്ട് നഗരസഭകളിലൊന്നാണ് നെയ്യാറ്റിൻകര എന്നും ഇതിനായി കണ്ടെത്തിയിട്ടുള്ള പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായി പഞ്ചായത്തിന്റെ തനത് ഫണ്ട് 8 ലക്ഷം, ക്ലീൻ കേരളാ മിഷന്റെ 32 ലക്ഷം എന്നിവ ഉൾപ്പെടെ ആകെ 40 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ടെന്നും അക്വിസിഷനെതിരെ ശ്രീ.സി.വി.ജയകുമാർ ഫയൽചെയ്ത കേസ്, ടി വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ടത നഗരസഭയാണെന്ന് ഉത്തരവിട്ടുകൊണ്ട് കോടതി ഡിസ്മിസ് ചെയ്തിട്ടുണ്ടെന്നും ഇത് സംബന്ധമായി നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ ഒ.എസ്.നമ്പർ 477/07 എന്ന നമ്പരിൽ ശ്രീ.ക്രിസ്തുദാസ്, ശ്രീ.ബ്രിജി എന്നിവർ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും അക്വിസിഷൻ രണ്ട് കുടുംബങ്ങളെ ബാധിക്കുമെന്നും അവരെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള സാമ്പത്തിക സഹായം നഗരസഭ ചെയ്തുകൊടുക്കുമെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സർവ്വേ നമ്പർ 34/4-ൽപ്പെട്ട സ്ഥലം ഖരമാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് മുനിസിപ്പൽ എഞ്ചിനീയറും മുനിസിപ്പൽ ഹെൽത്ത് സൂപ്പർവൈസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

(മറുപുറം)

2. നെയ്യാറ്റിൻകര നഗരസഭയുടെ പരാമർശം 1-ലെ തീരുമാനങ്ങളുടേയും പരാമർശം 2-ലെ അപേക്ഷയുടേയും അടിസ്ഥാനത്തിൽ ഖരമാലിന്യം പൊതുജനാരോഗ്യത്തെ ബാധിക്കുന്ന പ്രശ്നമാകയാൽ അതിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച്, ഖരമാലിന്യ പ്ലാന്റ് നിർമ്മിക്കുന്നതിനായി പെരുംപഴുതൂർ വില്ലേജിലെ റീസർവ്വേ ബ്ലോക്ക് 24-ൽ സർവ്വേ നമ്പർ 33/2, 34/3, 34/4, 34/5, 34/22, 34/23 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 415 സെന്റ് സ്ഥലം അർജൻസി ക്ലോസിൽപ്പെടുത്തി അക്വയർ ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. അക്വിസിഷനാവശ്യമായ തുകയുടെ 80% ജില്ലാ കളക്ടർ മുമ്പാകെ മുൻകൂറായി അടയ്ക്കേണ്ടതാണ്.

ii. പ്ലാന്റ് നിർമ്മാണത്തിന് മുമ്പായി പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ N.O.C വാങ്ങേണ്ടതാണ്.

iii. അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

റ്റി.ശ്യാമളകുമാരി,
ഡെപ്യൂട്ടി സെക്രട്ടറി.

To

സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Radha

സെക്ഷൻ ഓഫീസർ.